കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16


കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി4-1843/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.

തീയതി:05/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്

നം കെ.എസ് എ -കെഎൽഎം /2016 തിയ്യതി:5.01.2017

കൊല്ലം.ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ

2015-2016 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2015 മുതൽ 08.11.2016. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി . ഗീത എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജി . സജികുമാർ | ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | ശ്രീ.ശശി ജോഷ്.എ<br>ശ്രീ . അശോക കുമാർ. എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ . എമിൽ റ്റി എബ്രഹാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. വി ജയശ്രീ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ഭരണ നിർവ്വഹണ സമിതി | 01-11-2015 മുതൽ 18-11-2015 വരെ |
| | | ശ്രീ. കെ സി ജോസ് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ.പ്രതാപചന്ദ്രൻ പിള്ള ഗൗരീശങ്കരം ,ഇളമാട് പി ഒ ആയൂർ | 1.04.2015 മുതൽ 03.08.2015 വരെ |
| | | ശ്രീമതി ജിജിമോൾ അലക്സ് ആനന്ദഭവനം കുമ്പളം പിഒ | 03.08.2015മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി..എൻജിനിയർ | | ശ്രീമതി.രശ്മി പി എസ് വൈശാഖ് ,കോങ്ങൽ പരവൂർ പി ഒ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി. സെക്രട്ടറി | | ശ്രീ രവീന്ദ്രൻ പിള്ള , ദേവിപ്രിയ, വടക്കുംഭാഗം ചവറ സൗത്ത് പി ഒ | 01.04.2015 മുതൽ 18.08.2015 വരെ |
| അസി. സെക്രട്ടറി | | ലത എ കുഞ്ഞാറ്റവീട് ഏറം ചാത്തന്നൂർ പി ഒ | 19.08.2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | | ശ്രീ. ഹരീഷ് ബി എസ് , | 01.04.2015 മുതൽ |

| | | | |
|---|---|---|---|
| | | നിർമാല്യം തൃക്കണ്ണമംഗൽ കൊട്ടാരക്കര | 31.03.2016 വരെ |
| വെറ്റിനറി സർജൻ | | ഡോ. ആനന്ദകൃഷ്ണൻ പൗർണമി ചെമ്മക്കാട് പി ഒ പനയം | 01.04.2016 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | | ഡോ. അജിതാകുമാരി.കെ ബി പ്രകാശ്ഭവൻ പൂവത്തൂർ ഈസ്റ്റ് ,കുളക്കട | 01.04.2015 മുതൽ 31-03-2016 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ അയൂർവേദം | | ഡോ.ഹംസകുഞ്ഞ് ബിസ്മില്ലാ മൻസിൽ കടയ്ക്കാവൂർ തിരുവനന്തപുരം | 01.04.2015 മുതൽ 18.06.2015 വരെ |
| | | ഡോ അസുന്തമേരി നേഹനിധി പെരുമ്പുഴ പി ഒ അഞ്ചുമുക്ക് | 19.06.2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഡോ സുരേഷ് ബാബു മുണ്ടക്കൽ കരുണ കണ്ണനല്ലൂർ മുഖത്തല | 01.04.2015 മുതൽ 31-03-2016 വരെ |
| ഹെഡ്മാസ്റ്റർ | | സായിദ എസ് ,എസ് എസ് വില്ല | 01.04.2015 മുതൽ 31-03-2016 വരെ |
| വി ഇ ഒ ഇടമുളയ്ക്കൽ | | ശ്രീപ്രിയ , പ്രിയ ഭവൻ മലക്കൽ പി ഒ മടവൂർ | 01.04.2015 മുതൽ 31.03.2016 വരെ |
| വി ഇ ഒ അറയ്ക്കൽ | | എം എസ് ഹരിലാൽ പ്രിയനന്ദനം കുറ്റിക്കാട് പി ഒ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | | വി കെ ഷീജ | 01-04-2015 മുതൽ 18.12.2015 വരെ |
| | | സുധാമണി വിളയിൽ വീട് അരീപ്ലാച്ചി പി ഒ ഒരുനട | 19.12.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| | തനത് വരുമാനം. | 1-7 |
| 7 | ക്ഷേമപദ്ധതികൾ | 1-8 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 11 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - 2553/- രൂപ നഷ്ടം | 2-1 |
| 12 | കെട്ടിടങ്ങളുടെ വിനിയോഗ സ്വഭാവം അനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല - 6388/- രൂപ നഷ്ടം | 2-2 |
| 13 | അനുവദിനീയമായ വ്യാപ്തിയിൽ (Coverage) കൂടുതലായി നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് പഞ്ചായത്തിൽ നിന്ന് കെട്ടിടനമ്പർ അനുവദിച്ചു. | 2-3 |
| 14 | സേവന നികുതി ഈടാക്കുന്നില്ല . പഞ്ചായത്തിന് ബാദ്ധ്യത | 2-4 |
| 15 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തനതു ഫണ്ടിനു 2 അക്കൗണ്ടുകൾ | 2-5 |
| 16 | ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് തിരികെ | 2-6 |

| | | |
|---|---|---|
| | ഒടുക്കുവരുത്തണം. | |
| 17 | തൊഴിൽ നികുതി – സ്ഥാപനനികുതി ഈടാക്കിയിട്ടില്ല. | 2-7 |
| 18 | ഡി & ഒ ലൈസൻസിനോപ്പം മോട്ടോർ ഫീസ് ഈടാക്കിയില്ല. | 2-8 |
| | ഭാഗം-3 | |
| 19 | കുടിവെള്ളക്കിണർ നിർമ്മാണം (121 /16) സബ് സിഡി നിരക്കിനെ അധികരിച്ച് നല്കിയിട്ടുള്ള 43250/- രൂപ നിരാകരിക്കുന്നു | 3-1 |
| 20 | മരാമത്ത് പ്രവൃത്തി കൾക്ക് അധിക നിരക്ക് അനുവദിച്ച 160551/- രൂപ തിരികെ ഈടാക്കണം | 3-2 |
| 21 | പാലിയേറ്റിവ് കെയർ-മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല. | 3-3 |
| 22 | പാലിയേറ്റിവ് കെയർ പദ്ധതി - കുടുംബസംഗമത്തിനായി അനുവദനീയമായതിനേക്കാൾ അധികമായി 13,000/-രൂപ ചെലവഴിച്ചു. | 3-4 |
| 23 | മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിരമരുന്നുകളും ധാതുലവണങ്ങളും സൗജന്യമായി വിതരണം ചെയ്തു ,ടെണ്ടർ കൂടാതെ മരുന്നുകൾ വാങ്ങി. | 3-5 |
| 24 | കിടാരി വളർത്തൽ -വനിത(എസ്.സി.പി.)-പദ്ധതി നിർവഹണത്തിൽ അപാകതകൾ,ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കിയില്ല. | 3-6 |
| 25 | കിടാരി വളർത്തൽ -വനിത-മാർഗരേഖയിലെ നർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവഹണം.1,35,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-7 |

| | | |
|---|---|---|
| 26 | മീഡിയാശ്രീ (84/16) ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവവിച്ചിട്ടുള്ള 65000/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 27 | വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കസേരയും (143 /16) രേഖകൾ ഹാജരാക്കാത്തതിനാൽ 240000/- രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 28 | പുതിയ എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (215 /16) സൂപ്പർവിഷൻ ചാർജ്ജായി പഞ്ചായത്ത് കെ എസ് ഇ ബി യിൽ ഒടുക്കുവരുത്തി യിട്ടുള്ള 24750/- രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| 29 | ഒഴുകുപാറയ്ക്കൽ എൽ പി എസ് ഫ്ലോറിംഗ് - ചെയ്യാത്ത പ്രവൃത്തിക്ക് നല്കിയിട്ടുള്ള 5819/- രൂപ നിരാകരിക്കുന്നു | 3-11 |
| 30 | ജവഹർലാൽ നെഹ്റു ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 3-12 |
| 31 | നീർത്തട പദ്ധതികൾ-ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളോ അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകളുടെ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 3-13 |
| 32 | സംയുക്ത പ്രോജക്ടിനായി ലഭ്യമായ 20 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. | 3-14 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8. |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 27.07.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16.11.2016 | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1. എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. സംയുക്ത പദ്ധതികൾക്കായി ലഭിച്ച ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52916917 |
| വരവ് | 60932883 |
| ആകെ | 113849800 |
| ചെലവ് | 70717184 |
| നീക്കിയിരിപ്പ് | 43132616 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5299530 | 12949932 | 18249462 | 18249462 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 3916940 | 7723354 | 11640294 | 11640294 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 52000 | 52000 | 52000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2342154 | 4774969 | 7117123 | 7117123 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1687369 | 984237 | 2671606 | 2671606 | 0 | 100 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3244338 | 9248396 | 12492734 | 12492734 | 0 | 100 |
| കെഎൽജിഎസ് ഡി | 4883597 | 2590215 | 7473812 | 7473812 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം എൻ ആർ ഇ ജി എസ് | 3006 | 17011733 | 17014739 | 17013790 | 949 | 99.99 |
| ബി ഫണ്ട് | 0 | 41461435 | 41461435 | 41461435 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 87565400 | 179 | 55644995 | 11 | 63 | 73.96 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8219792 | 6185771 | (-) 2034021 | (- )24.75% |
| നികുതിയേതര വരവുകൾ | 1190334 | 1168056 | (-) 22278 | (-) 1.8% |
| മറ്റുവരവുകൾ | 833235 | 859052 | (+) 25817 | (+)3% |
| ആകെ | 10243361 | 8212879 | (-) 2030482 | (-)19.82% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1089840 | 1207 |
| കർഷകതൊഴിലാളി പെൻഷൻ | 5788200 | 7550 |
| വിധവാപെൻഷൻ | 17424800 | 16972 |
| വാർദ്ധക്യകാലപെൻഷൻ | 12618600 | 14950 |
| വികലാംഗപെൻഷൻ | 3961800 | 3581 |
| അവിവാഹിത പെൻഷൻ | 381600 | 371 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-11-2016 തീയതിയിൽ 03.00 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 348 രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

2015-16 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തു കമ്മറ്റിയുടെ മിനിറ്റ്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. യഥാക്രമം മിനിറ്റ്സ് തയ്യാറാക്കി സൂക്ഷിക്കാതിരുന്നവർക്കെതിരേ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.08.2016 മുതൽ 01.09.2016 വരെ | 07/2016 | 05-10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.09.2013 മുതൽ 11.10.2013 വരെ | 2008-09 മുതൽ 2012-13വരെ | 25-11-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - 2553/- രൂപ നഷ്ടം

ശ്രീ. ജയരാജ് എൽ ആർ, വിളയിൽ പുത്തൻ വീട് , ഇളമാട് എന്ന വ്യക്തിയുടെ പേരിലുള്ള 112 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് വേണ്ടിയുള്ള

കെട്ടിടത്തിന് (വാർഡ് 15, കെട്ടിട നം.924) 2015-16 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം എസ്. ആർ. ഒ. നമ്പർ 36/2011 ആയി പഞ്ചായത്തുകളിലെ ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് കണക്കാക്കേണ്ട അടിസ്ഥാന വസ്തു നികുതിയായി പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 60/- രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് മേൽ നിരക്കിലും കുറവായാണ് വസ്തു നികുതി അസസ് ചെയ്തിട്ടുള്ളത്.

| ച.മീറ്റർ | വസ്തു നികുതി നരക്ക് | ഇളവ് | വർദ്ധനവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് തുക |
|---|---|---|---|---|---|---|
| 179.4 | 60 | 5% | 20% | 6720+1344-403 =7661 | 5108 | 2553 |

| ഈടാക്കേണ്ട ലൈബ്രറി സെസ്സ് | ഈടാക്കിയ ലൈബ്രറി സെസ്സ് | കുറവ് തുക |
|---|---|---|
| 383 | 256 | 127 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/16.11.2016) ബാക്കി തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. കുറവായി ഈടാക്കിയ വസ്തു നികുതി, ഗ്രന്ഥശാലാവരി എന്നിവ ഈടാക്കേണ്ടതും 2016-17 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി ക്രമീകരിക്കേണ്ടതുമാണ് .

## 2-2 കെട്ടിടങ്ങളുടെ വിനിയോഗ സ്വഭാവം അനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല - 6388/- രൂപ നഷ്ടം

പ്രസിഡന്റ്, ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിലുള്ള 131 ച.മീ 188.44 ച.മീ, തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് വേണ്ടിയുള്ള കെട്ടിടങ്ങൾക്ക് (വാർഡ് 15, കെട്ടിട നം. 905,906 ) 2015-16 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചത് കെട്ടിടങ്ങളുടെ വിനിയോഗ സ്വഭാവം "ആഫീസ് ആവശ്യത്തിന് " എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ്. ബാങ്കിങ്ങ് ധനകാര്യ സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിന് എന്ന ഗണത്തിലാണ് ഉൾപ്പെടുത്തേണ്ടത് (കെട്ടിട നിർമാണ ചട്ടം 34). വാണിജാവശ്യത്തിനായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ (F ഗണം) എന്ന വിഭാഗത്തിലാണ് കെട്ടിട നിർമാണത്തിനായി പെർമിറ്റ് നേടിയിട്ടുള്ളത്. (ആഫീസ് ആവശ്യത്തിനായാണ് നിർമാണം നടത്തിയിരുന്നത് എങ്കിൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുവദിനീയമായ വ്യാപ്തിയിൽ (coverage) കൂടുതൽ ആകുമായിരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം എസ്. ആർ. ഒ. നമ്പർ 36/2011 ആയി പഞ്ചായത്തുകളിലെ ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് കണക്കാക്കേണ്ട അടിസ്ഥാന വസ്തു നികുതിയായി പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 60 രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് മേൽ നിരക്കിലും കുറവായാണ് വസ്തു നികുതി അസസ് ചെയ്തിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം | ച.മീറ്റർ | വസ്തു നികുതി നരക്ക് | വർദ്ധനവ്/ഇളവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് തുക |
|---|---|---|---|---|---|---|
| 1 | 131 | 60 | ഇല്ല | 7860 | 5240 | 2620 |
| 2 | 188.44 | 60 | ഇല്ല | 11306 | 7538 | 3768 |

| ക്രമ നം | ഈടാക്കേണ്ട ലൈബ്രറി സെസ്സ് | ഈടാക്കിയ ലൈബ്രറി സെസ്സ് | കുറവ് തുക |
|---|---|---|---|
| 1 | 393 | 262 | 131 |
| 2 | 565 | 377 | 188 |

വസ്തു നികുതി കുറവായി അസസ്സ് ചെയ്തതിന് തക്കതായ കാരണം ഉണ്ടെങ്കിൽ 17.11.2016 നകം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/16.11.2016) ബാക്കി തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. കുറവായി ഈടാക്കിയ വസ്തു നികുതി, ഗ്രന്ഥശാലാവരി എന്നിവ ഈടാക്കേണ്ടതും 2016-17 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി ക്രമീകരിക്കേണ്ടതുമാണ്.

## 2-3 <u>അനുവദിനീയമായ വ്യാപ്തിയിൽ **(coverage)** കൂടുതലായി നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് പഞ്ചായത്തിൽ നിന്ന് കെട്ടിടനമ്പർ അനുവദിച്ചു.</u>

2011ലെ KPBR ചട്ടം 35 പ്രകാരം ഓരോ കൈവശാവകാശത്തിനും അനുവദിച്ചിട്ടുള്ള വ്യാപ്തിയുടെ(coverage) പരാമാവധി ശതമാനം ഒരു കെട്ടിടത്തിലെ ഏതെങ്കിലും നിലയുടെ പരാമാവധി വിസ്തീർണ്ണത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

അതായത് വ്യാപ്തി = ഏതൊരു നിലയിലെയും പരാമാവധി നിർമ്മിത വിസ്തീർണ്ണം/പ്ലോട്ട് വിസ്തീർണ്ണം X 100

ഇപ്രകാരം വാണിജാവശ്യത്തിനായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് (F ഗണം) കാറ്റഗറി II പഞ്ചായത്തുകളിൽ അനുവദിനീയമായ പരമാവധി വ്യാപ്തി 55% ആണ്. ഇവിടെ 2015-16 ൽ അസസ് ചെയ്ത ശ്രീ.രാജു &മേബിൾ തോമസ് എന്നീ വ്യക്തികളുടെ ഉടമസ്ഥതിയിലുള്ള കെട്ടിടത്തിന് വ്യാപ്തി 68% ആയിരുന്നിട്ടും കെട്ടിട നമ്പർ അനുവദിച്ചു. ഇടമുളയ്ക്കൽ വില്ലേജിൽ സർവ്വേ നമ്പർ 133/2-1 ( 10 സെന്റ് ) പുരയിടത്തിലാണ് കെട്ടിടം നിർമിച്ചിരിക്കുന്നത് . കെട്ടിട നിർമാണ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷ, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയിൽ 10 സെന്റ് ഭൂമിയുള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത് . പെർമിറ്റിനായി സമർപ്പിച്ച Planലും സർവ്വേ നമ്പർ 133/2-1 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് . എന്നാൽ പെർമിറ്റിനായി സമർപ്പിച്ച planൽ 15 സെന്റ് ഭൂമിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് വ്യാപ്തി (coverage) കണക്കാക്കിയിരിക്കുന്നത് .

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമയുടെ പേര് : ശ്രീ.മേബിൾ തോമസ്

കെട്ടിട നമ്പർ : 788, 789, വാർഡ് -15

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യത്തിനുള്ള കെട്ടിടം

അസസ്സ്മെന്റ് വർഷം : 2015-16

കെട്ടിട വിസ്തീർണ്ണം :

GF – 274.34 m2

FF – 332 m2

ആകെ 606.34m2

പ്ലോട്ട് വിസ്തീർണ്ണം : 404.7 m2

വ്യാപ്തി : 274.34 m2/404.7 m2 X 100

= 68% (അനുവദിനീയമായത് 55%)

നമ്പറിങ്ങിനായി കെട്ടിട ഉടമ സമർപ്പിച്ച completion planൽ വ്യാപ്തി 52.35% എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. (15 സെന്റ് ഭൂമിയുള്ളതായി കണക്കാക്കിയിരിക്കുന്നതിനാൽ) ടി വിവരം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (നം 15/16.11.2016) മേൽ സൂചിപ്പിച്ച വ്യക്തി 15 സെന്റ് ഭൂമിയിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്ന് തെളിയിക്കുന്ന രേഖകൾ ടിയാനിൽ നിന്നും വാങ്ങി ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. മേൽ സൂചിപ്പിച്ച പ്രശ്നം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-4 സേവന നികുതി ഈടാക്കുന്നില്ല . പഞ്ചായത്തിന് ബാദ്ധ്യത

സേവന നികുതി ആക്ട് (ചാപ്റ്റർ 5, ഫിനാൻസ് ആക്ട് 66 ബി , സർക്കുലർ നം

192/02/2016-ST തീയതി 13-04-16) പ്രകാരം സർക്കാർ/ലോക്കൽ അതോറിറ്റി ഒരു വ്യക്തിക്ക് ഒരു സേവനം നൽകുമ്പോൾ ടിയാനിൽ നിന്നും സേവന നികുതി (അതാത് സമയത്ത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക്, ഇപ്പോൾ 15%) ഈടാക്കി സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ അടവാക്കേണ്ടതാണ് .

2015-16 വർഷത്തിൽ വാടക, ഫീസ് പിരിവ് എന്നീ ഇനങ്ങളിൽ 166738/- രൂപ പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ടെങ്കിലും സേവന നികുതി ഈടാക്കിയിട്ടില്ല. സേവന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 06/15.11.2016) സേവന നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. അടുത്ത സാമ്പത്തിക വർഷം മുതൽ സേവന നികുതി ആക്ടിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം സേവന നികുതി ഈടാക്കുവാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 2-5 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തനതു ഫണ്ടിനു 2 അക്കൗണ്ടുകൾ

തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നും, ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട് (സർക്കുലർ 58725/എഫ്. എം.3 2008/തസ്വഭവ/26.05.11) എന്നാൽ ആയതിനു വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ രണ്ട് അക്കൗണ്ടുകളിലായാണു തനതു വരുമാനം നിക്ഷേപിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ടിന്റെ വിവരങ്ങൾ | നിലവിലെ ബാലൻസ് (08.11.2016ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ) |
|---|---|---|
| 1 | A/c no: 31669649591<br>എസ് ബി ഐ പനച്ചവിള ബ്രാഞ്ച് | 19626281 |
| 2 | A/c no: 1942<br>അറക്കൽ സർവീസ് കോ-ഓപ്പറ്റേറ്റീവ് ബാങ്ക് | 689019 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 04/14.11.2016) അറയ്ക്കൽ സർവീസ് കോ-ഓപ്പറ്റേറ്റീവ് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. സർക്കാർ നിർദ്ദേശാനുസരണം, തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-6 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുവരുത്തണം.

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഇടമുളയ്ക്കൽ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യതിന്റെ വിവരങ്ങൾ 2015-16 വർഷത്തിൽ ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം, ലഭിച്ച ടെണ്ടറുകൾ, ടെണ്ടർ ഫോറവില ഇനത്തിൽകൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുള്ള തുക എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 11-11-2016 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 1) ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തന്നെയാണുള്ളതെന്നും ടി തുക ഇടമുളയ്ക്കൽ പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി .

ടെണ്ടർ ഫോറവില, വാറ്റ് ഇനത്തിൽ ഈടാക്കി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ഇടമുളയ്ക്കൽ പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കിയില്ല

2015-16 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടവു വരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 16.11.16 ലെ എൻക്വയറി II ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ.നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഗഡു | സ്ഥാപന നികുതി |
|---|---|---|---|
| 1. | മുത്തൂറ്റ് ഫിൻകോർപ്പ്, തടിക്കാട് | - | I പകുതി അടവില്ല |
| 2. | ഡി.ഡി. ആർ.സി , ആയൂർ | - | I & II പകുതി അടവില്ല |
| 3. | ഐ.ഒ.സി , ആയൂർ | - | I പകുതി അടവില്ല |
| 4. | ആമ്പാടി മെഡിക്കൽ സെന്റർ, ആയൂർ | - | I & II പകുതി അടവില്ല |

| | | | |
|---|---|---|---|
| 5. | യൂണിയൻ ബാങ്ക്, ആയൂർ | - | I പകുതി അടവില്ല |
| 6. | മുത്തൂറ്റ് ഫിനാൻസ്, ആയൂർ | - | IIപകുതി അടവില്ല |
| 7. | സൂപ്പർ മാർക്കറ്റ്, ആയൂർ | - | I & II പകുതി അടവില്ല |
| 8. | അൽഫോൻസാ കാഷ്യൂ, അറയ്ക്കൽ | IIപകുതി | I പകുതി അടവില്ല |
| 9. | സിദ്ധാർത്ഥ കാഷ്യൂ | II പകുതി | I പകുതി അടവില്ല |
| 10. | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | - | I പകുതി അടവില്ല |
| 11. | മാവേലി സ്റ്റോർ, തടിക്കാട് | - | I പകുതി അടവില്ല |
| 12. | അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | I പകുതി | I പകുതി അടവില്ല |
| 13. | ഐ.സി.ഡി.സി പ്രോജക്ട് ഓഫീസ്, അഞ്ചൽ | I പകുതി | - |
| 14. | അർച്ചന ഫുവൽസ് | - | I & IIപകുതി അടവില്ല |
| 15. | സെൻട്രൽ ബാങ്ക് | - | I പകുതി അടവില്ല |
| 16. | മുത്തൂറ്റ് മൈക്രോഫിനാൻസ് | II പകുതി | I & IIപകുതി അടവില്ല |
| 17. | വൈശാഖ് ഫ്യൂവൽസ്, പനച്ചവിള | - | I & II 2013-14 മുതൽ 2015-16 വരെ |
| 18. | ഹോളിക്രോസ്, ആശുപത്രി ആയൂർ | - | I & II 2011-12 മുതൽ 2015-16 വരെ |

| | | | |
|---|---|---|---|
| 19. | കൊശമറ്റം ഫിനാൻസ്, ആയൂർ | - | I പകുതി |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസിനൊപ്പം മോട്ടോർഫീസ് ഈടാക്കിയില്ല

യന്ത്രസാമിഗ്രികൾ ഉപയോഗിക്കുന്നതായ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഈടാക്കുമ്പോൾ അവയുടെ കുതിരശക്തിക്ക് ആനുപാതികമായ മോട്ടോർ ഫീ കൂടി ഈടാക്കേണ്ടതാണ്. 2015-16 ൽ ഡി & ഒ ലൈസൻസ് നൽകിയ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 15.11.16 ന് നൽകിയ എൻക്വയറി - 11 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ.നം | പേര് | സ്ഥാപനം | ഉപയോഗിക്കുന്ന മോട്ടോർ ശക്തി | ഈടാക്കിയ തുക | അടവിൽ കുറവ് |
|---|---|---|---|---|---|
| 1. | വിപിൻ.ജെ.സാം XIV/1211 | ബേക്കറി, ബോർമ്മ | 1.5 HP | ഫീ ഈടാക്കിയില്ല | 50 |
| 2. | ചന്ദ്രശേഖരൻപിള്ള XV /115 A | സർവ്വീസ് സ്റ്റേഷൻ | 9 HP | ഫീ ഈടാക്കിയില്ല | 100 |
| 3. | റിനോഷ് ജോൺസൺ XIII/5 | കളപ്പിലാ റൈസ് മിൽ | 10 HP | ഫീ ഈടാക്കിയില്ല | 100 |
| 4. | ജോമോൻ XIV/604 | സിപ്പ് അപ്പ് | 1.5 HP | ഫീ ഈടാക്കിയില്ല | 50 |
| 5. | സാം രാജ് XIII 725 A B(പഴയ നമ്പർ) | ടൈൽ നിർമ്മാണം | 4.5 HP | ഫീ ഈടാക്കിയില്ല | 50 |
| 6. | ബാബു ഉമ്മൻ XVIII/350-358 | അൽഫോൺസ് കാഷ്യൂ | 22 KW 29.50 HP | 200 | 100 |
| 7. | ഷാജി പൊന്നപ്പൻ XIV/603 | ചപ്പാത്തി നിർമ്മാണം | | 200 | |
| | | | | | 450 |

ഈ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ളക്കിണർ നിർമ്മാണം (121 /16) സബ്സിഡി നിരക്കിനെ അധികരിച്ച് നല്കിയിട്ടുള്ള 43250/- രൂപാ നിരാകരിക്കുന്നു

ഗവ.ഉത്തരവ് (കയ്യെഴുത്ത്)362/2013/തസ്വഭവ തീയതി, 16-11-2013 പ്രകാരം പട്ടികജാതി/പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പുതിയ തുറന്നകിണർ നിർമ്മാണത്തിന് ഇടനാട് പ്രദേശത്ത് നല്കാവുന്ന സബ് സിഡി നിരക്ക് യൂണിറ്റ് കോസ്റ്റിന്റെ 75% പരമാവധി 17000/- രൂപയാണ്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 75% അധികരിച്ച് തുക നല്കി. വിശദവിവരം ചേർക്കുന്നു.

| ക്ര. നം | ഗുണഭോക്താവിന്റെ പേര് | മൂല്യ നിർണ്ണയ തുക | നല്കാവുന്ന സബ് സിഡി | നല്കിയ സബ് സിഡി | അധികം നല്കിയ തുക | ഡി ഡി നമ്പർ |
|---|---|---|---|---|---|---|
| 1 | ശ്രീമതി.വിലാസിനി,ചരുവിളവീട് | 17000 | 12750 | 17000 | 4250 | 559166/30-01-2016 |
| 2 | ഓമന ,തടത്തിൽവീട് | 18000 | 13500 | 18000 | 4500 | 56000/30-01-2016 |
| 3 | ഇന്ദിര,സുജിത്ത് ഭവനം | 18000 | 13500 | 18000 | 4500 | 555999/30-01-2015 |
| 4 | പ്രദീപ്,പൂപ്പണത്ത് വീട് | 17000 | 12750 | 17000 | 4250 | 457817/18-02-2016 |
| 5 | ഭാരതി,പള്ളിക്കുന്നുംപുറംവീട് | 17000 | 12750 | 17000 | 4250 | 457816/18-02-2016 |
| 6 | ലിജി, ലിജി ഭവൻ | 17000 | 12750 | 17000 | 4250 | 458806/17-03-2016 |
| 7 | ബിന്ദു,ഉമേഷ് ഭവൻ | 18000 | 13500 | 18000 | 4500 | 458805/17-03-2016 |
| 8 | വത്സല,ഇടുപിടിക്കൽ മേലതിൽ | 17000 | 12750 | 17000 | 4250 | 459200/23-03-2016 |
| 9 | സാവിത്രി,,അലക്കുന്നിൽ തെക്കേവിള | 17000 | 12750 | 17000 | 4250 | 459255/28-03-2016 |
| 10 | പുഷ്പരാജൻ, ശരത് ഭവൻ | 17000 | 12750 | 17000 | 4250 | 459615/31-03-2016 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ | 43250 | |

ടി വിഷയം സംബന്ധിച്ച് 15-11-2016ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5) പരിചയക്കുറവുമൂലമാണ് അപാകത സംഭവിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അധികം നല്കിയിട്ടുള്ള 43250/- രൂപാ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

**3-2** <u>മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ച **160551/-** രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.</u>

ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തുമ്പോൾ അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size):20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size):10mm nominal size | cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | 0.445 | 1200 | 534.00 |

| | | | | | |
|---|---|---|---|---|---|
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 350 | 24.50 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |
| 0012 | Vibrator (Needle type 40mm) | day | 0.70 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |

മേൽ സൂചിപ്പിച്ച അടിസ്ഥാന നിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്. ഇതനുസരിച്ച്ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.1.2015 – ൽ അനുവദനീയമായ നിരക്ക്

= 4753.29X1.4190 = 6744.91/cum.

1.8.2015 – ൽ അനുവദനീയമായ നിരക്ക്

= 4753.29X1.4762= 7016.80/cum. എന്നാൽ, പ്രസ്തുത ഇനത്തിന് നൽകിയിട്ടുള്ളത് ഡി.എസ്.ആർ, 2014 കോഡ് 11.7 പ്രകാരമുള്ള അടിസ്ഥാന നിരക്കാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Code 11.7 :- Cement Concrete pavement with 1: 2 :4
(1 cement: 4 Coarse sand :4 graded stone aggregate 20 mm nominal size) including finishing complete....

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 4.1.3 | Cement Concrete 1:24<br>Rate as per Item No.4.1.3 of the SH:Concrete Work | Ccum | 1 | 4753.29 | 4753.29 (A) |
| | Extra labour for laying in floors etc. | | | | |
| 0124 | Mason (Brick layer)2nd class | day | 0.350 | 399 | 139.65 |
| 0114 | Beldar | day | 0.180 | 329 | 59.22 |
| 0101 | Bhisti | day | 0.050 | 363 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |

| | | | | | |
|---|---|---|---|---|---|
| | Total | | | | 5005.48 |
| | Add water charge @ 1% except on (A), that is, on (5005.48-4753.29) =252.79 | | | | 2.52 |
| | Total | | | | 5008 |
| | Cost of 1 cum | | | | 5008 |
| | Say | | | | 5008 |

പ്രസ്തുത നിരക്കിൽ ബ്രിക്ക് ലേയിംഗ് ഉൾപ്പടെയുള്ള ഫ്ലോർ ഫിനിഷിംഗ് വർക്കുകളുടെ ലേബർ ചാർജ്ജ് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫ്ലോർ ഫിനിഷിംഗ് ആവശ്യമില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച നിരക്കിനെ അടിസ്ഥാന നിരക്കായി പരിഗണിച്ചുകൊണ്ട് 1.7.2015 പ്രാബല്യത്തിൽ നിരക്ക് 7106.35/m3 (5008x1.419=7106.35) ആയും, 1.8.2015 പ്രാബല്യത്തിൽ നിരക്ക് 7392/m3 (5008x1.4762=7392.8) ആയും നിശ്ചയിച്ചിട്ടുള്ളത് അംഗീകരിക്കുന്നില്ല. . ഇപ്രകാരം തുക അധികം നല്കിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ര. നം | പ്രോജക്ട് വിവരം | അളവ് ($m^3$) | അനുവദിച്ച തുക @7106.35/$m^3$ | അനുവദനീയ തുക @6744.91/$m^3$ | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | മുരുകൻ കോണിൽ മറ്റത്തിക്കോണം റോഡ് കോൺക്രീറ്റിംഗ് (194/16)<br>അടങ്കൽ തുക-150000<br>TS-290/AEE/LSGD/ANL /15-16/- 07-07-2015<br>Agmt-92/15-16/AE/LSGD /EDL,dt 17-09-2015 | 7.85 | 55784 | 52948 | 2836 |

| | | | | | |
|---|---|---|---|---|---|
| | അളവു പുസ്തകം 188/15-16<br>കൺവീനർ-ശ്രീ.ദാമോദരൻ പിള്ള<br>ബിൽ നം-10/15-16,25-09-2015<br>തുക--149999രൂപാ | | | | |
| 2 | കയ്യാണിയിൽ കുന്നും പുറം റോഡ് (27/16)<br>അടങ്കൽ തുക-200000<br>TS-31/AEE/LSGD/ANL /15-16/- 07-07-2015<br>Agmt-92/15-42/AE/LSGD /EDL,dt 25-08-2015<br>അളവു പുസ്തകം 168/15-16<br>കൺവീനർ-- ശ്രീ.അർജ്ജുനൻ<br>ബിൽ നം-49/15-16,13-01-2016<br>തുക--199999രൂപാ | 9.96 | 70779 | 67179 | 3600 |
| 3 | ഇലങ്ങ്വിള പുത്തൻ റോഡ് (29/16)<br>അടങ്കൽ തുക-200000 | 10.11 | 71845 | 68191 | 3654 |

| | | | | | | |
|---|---|---|---|---|---|---|
| | TS-32/AEE/LSGD/ANL /15-16/- 07-07-2015<br>Agmt-92/15-41/AE/LSGD /EDL,dt 25-08-2015<br>അളവു പുസ്തകം 169/15-16<br>കൺവീനർ-- ശ്രീസത്യദേവൻ<br>ബിൽ നം-51/15-16,13-01-2016<br>തുക--193379രൂപാ | | | | | |
| 4 | പെരുമണ്ണൂർ ദേവീക്ഷേത്രംറോഡ് (198/16)<br>അടങ്കൽ തുക-200000<br>TS-300/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--17/AE/LSGD/EDL,dt 07-08-2015<br>അളവു പുസ്തകം 191/15-16<br>കൺവീനർ--ശ്രീ.സജി കുമാർ<br>ബിൽ നം-34/15-16,30-12-2015<br>തുക--318000രൂപാ | 16.65 | 118321 | 112303 | 6018 | |

| | | | | | |
|---|---|---|---|---|---|
| 5 | മേല്പൂട്ട് ജംഗ്ഷൻ-നെടുങ്ങോട്ട്കോണംറോഡ് (198/16)<br>അടങ്കൽ തുക-400000<br>TS-34/AEE/LSGD/ANL /15-16/- 01-07-2015<br>Agmt--57/AE/LSGD/EDL,dt 01-09-2015<br>അളവു പുസ്തകം 181/15-16<br>കൺവീനർ--ശ്രീ.ജി പി ജോബ്<br>ചെക്ക് നം-1267618//31--12-2015<br>തുക--399922രൂപ | 20.93 | 148736 | 141171 | 7565 |
| 6 | കരുപ്പോട്ടിക്കോണം ചെന്നേലിക്കോണംറോഡ് (75/16)<br>അടങ്കൽ തുക-300000<br>TS-307/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--100/AE/LSGD/EDL,dt 17-09-2015<br>അളവു പുസ്തകം 191/15-16<br>കൺവീനർ--ശ്രീ.സി എൻ ഉണ്ണിക്കൃഷ്ണൻ നായർ<br>ബിൽ | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | നം-37/15-16,28-09-2015<br>തുക--299839രൂപാ | | | | |
| 7 | മാടം മുകൾ പറത്തക്കാട്റോഡ് (198/16)<br>അടങ്കൽ തുക-300000<br>TS-305/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--98/AE/LSGD/EDL,dt 17-09-2015<br>അളവു പുസ്തകം 91/15-16<br>കൺവീനർ--ശ്രീമതി മണിയമ്മ<br>ബിൽ നം-97/15-16,25-03-2016<br>തുക--299839രൂപാ | 15.69 | 111499 | 105828 | 5671 |
| 8 | ഇടവറ ജംഗ്ഷൻ ഏലാറോഡ് (21/16)<br>അടങ്കൽ തുക-250000<br>TS-36/AEE/LSGD/ANL /15-16/- 01-07-2015<br>Agmt--09/AE/LSGD/EDL,dt 04-08-2015<br>അളവു പുസ്തകം 129/15-16 | 13.09 | 93022 | 88291 | 4731 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ-- ശ്രീ.വാസുദേവൻ പിള്ള<br>ബിൽ നം-67/15-16,25-01-2016<br>തുക--249999രൂപാ | | | | |
| 9 | മുതുവന കറ്റ ഏലാറോഡ് (68/16)<br>അടങ്കൽ തുക-250000<br>TS-113AEE/LSGD /ANL/15-16/- 07-07-2015<br>Agmt--35/AE/LSGD/EDL,dt 20-08-2015<br>അളവു പുസ്തകം 91/15-16<br>കൺവീനർ--ശ്രീ.ധനരാജ്<br>ബിൽ നം-23/15-16,31-10-2015<br>തുക--249999രൂപാ | 13.09 | 93022 | 88291 | 4731 |
| 10 | പി എച്ച് സി മാവേലിസ്റ്റോർ റോഡ് (99/16)<br>അടങ്കൽ തുക-200000<br>TS-117/AEE/LSGD/ANL /15-16/- 01-07-2015 | 10.46 | 74332 | 70552 | 3780 |

| | | | | | |
|---|---|---|---|---|---|
| | Agmt--29/AE/LSGD/EDL,dt 13-08-2015<br>അളവു പുസ്തകം 119/14-15<br>കൺവീനർ--ശ്രീ.എ സുബൈർ റാവുത്തർ<br>ചെക്ക് നം-1267607,07-10-2015<br>തുക--199959രൂപാ | | | | |
| 11 | പടിഞ്ഞാറ്റിൻകര റോഡ് (32/16)<br>അടങ്കൽ തുക-200000<br>TS-30AEE/LSGD /ANL/15-16/- 01-07-2015<br>Agmt--91/AE/LSGD/EDL,dt 17-09-2015<br>അളവു പുസ്തകം 193/15-16<br>കൺവീനർ--ശ്രീ.ദാമോദർൻ പിള്ള<br>ബിൽ നം-54/15-16,13-01-2016<br>തുക--199959രൂപാ | 10.46 | 74332 | 70552 | 3780 |
| 12 | മരുതമംഗലത്ത് കാവ്റോഡ് (52/16) | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ തുക-300000<br><br>TS-48AEE/LSGD /ANL/15-16/- 07-07-2015<br><br>Agmt--24/AE/LSGD/EDL,dt 13-08-2015<br><br>അളവു പുസ്തകം 159/15-16<br><br>കൺവീനർ--ശ്രീ.മുരളീധരൻ നായർ<br><br>ബിൽ നം-29/15-16,31-10-2015<br><br>തുക--299839രൂപാ | | | | |
| 13 | ആല്യംമൂട്ടിൽ വാതുക്കൽ നെട്ടംപച്ചറോഡ് (54/16)<br><br>അടങ്കൽ തുക-400000<br><br>TS-46AEE/LSGD /ANL/15-16/- 01-07-2015<br><br>Agmt--12/AE/LSGD/EDL,dt 04-08-2015<br><br>അളവു പുസ്തകം 155/14-15<br><br>കൺവീനർ--ശ്രീ സാമുവേൽ തോമസ്<br><br>ബിൽ നം-08/15-16,25-09-2015<br><br>തുക--399922രൂപാ | 20.93 | 148736 | 141171 | 7565 |

| | | | | | |
|---|---|---|---|---|---|
| 14 | പനച്ചവിള ഗുരുമന്ദിരം റോഡ് (33/16)<br>അടങ്കൽ തുക-350000<br>TS-29AEE/LSGD /ANL/15-16/- 01-07-2015<br>Agmt--23/AE/LSGD/EDL,dt 11-08-2015<br>അളവു പുസ്തകം 194/15-16<br>കൺവീനർ-- ശ്രീ.ഭാസ്കർരാജ്<br>ബിൽ നം-55/15-16,13-01-2016<br>തുക--1349713രൂപാ | 18.3 | 130046 | 123432 | 6614 |
| 15 | പാലവിളവാതുക്കൽ വേലംകോണം റോഡ് (18/16)<br>അടങ്കൽ തുക-300000<br>TS-39AEE/LSGD /ANL/15-16/- 01-07-2015<br>Agmt--21/AE/LSGD/EDL,dt 10-08-2015<br>അളവു പുസ്തകം 167/14-15<br>കൺവീനർ-- ശ്രീ.വിജയകുമാർ<br>ബിൽ നം-22/15-16,12-10-2015 | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | തുക--299839രൂപാ | | | | |
| 16 | മീനണ്ണൂർ തേന്മാമൂല റോഡ് (18 122/16)<br>അടങ്കൽ തുക-300000<br>TS-114AEE/LSGD /ANL/15-16/- 01-07-2015<br>Agmt--33/AE/LSGD/EDL,dt 20-08-2015<br>അളവു പുസ്തകം 1122/14-15<br>കൺവീനർ--ശ്രീമതി വിനിത<br>ബിൽ നം-20/15-16,12-10-2015<br>തുക--299839രൂപാ | 15.69 | 111499 | 105828 | 5671 |
| 17 | നീറായിക്കോട് സെന്റ് തോമസ് ചർച്ച് റോഡ് (18/16)<br>അടങ്കൽ തുക-300000<br>TS-53AEE/LSGD /ANL/15-16/- 01-07-2015<br>Agmt--14/AE/LSGD/EDL,dt 04-08-2015<br>അളവു പുസ്തകം 154/14-15 | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ--ശ്രീ.സാമുവേൽ തോമസ്<br>ബിൽ നം-07/15-16,28-09-2015<br>തുക--299839രൂപാ | | | | |
| 18 | പണിയറ പെരുമണ്ണൂർ ദേവീക്ഷേത്രംറോഡ് (79/16)<br>അടങ്കൽ തുക-450000<br>TS-311-AEE/LSGD /ANL/15-16/- 07-07-2015<br>Agmt--18/AE/LSGD/EDL,dt 07-08-2015<br>അളവു പുസ്തകം 140/15-16<br>കൺവീനർ--ശ്രീ.രാജൻ<br>ബിൽ നം-49/15-16,30-12-2015<br>തുക--449999രൂപാ | 23.55 | 167355 | 158843 | 8512 |
| 19 | അമ്പാടി ചെറുപുഷ്പം റോഡ് റോഡ് (47/16)<br>അടങ്കൽ തുക-200000<br>TS-40AEE/LSGD /ANL/15-16/- 01-07-2015 | 10.46 | 74332 | 70552 | 3780 |

| | | | | | |
|---|---|---|---|---|---|
| | Agmt--7/AE/LSGD/EDL,dt 04-08-2015<br>അളവ് പുസ്തകം 1126/14-15<br>കൺവീനർ--റോജൻ<br>ബിൽ നം-23/15-16,12-10-2015<br>തുക-199959രൂപാ | | | | |
| 20 | തടിക്കാട് ഗുരു മന്ദിരം വഞ്ചിപ്പെട്ടി റോഡ് (112/16)<br>അടങ്കൽ തുക-400000<br>TS-112AEE/LSGD /ANL/15-16/- 01-07-2015<br>Agmt--37/AE/LSGD/EDL,dt 25-08-2015<br>അളവ് പുസ്തകം 133/14-15<br>കൺവീനർ--ശ്രീ.സാമുവേൽ തോമസ്<br>ചെക്ക് നം-4804974/17-03-2016<br>തുക--373512രൂപാ | 20.93 | 148736 | 141171 | 7565 |
| 21 | നെല്ലിമീട്ടിൽ ഈട്ടിവിള റ റോഡ് (62/16)<br>അടങ്കൽ തുക-300000 | 15.69 | 111498 | 105828 | 5670 |

| | | | | | |
|---|---|---|---|---|---|
| | TS-56AEE/LSGD /ANL/15-16/- 01-07-2015<br>Agmt--47/AE/LSGD/EDL,dt 31-08-2015<br>അളവു പുസ്തകം 178/15-16<br>കൺവീനർ--ശ്രീ.ഷെഫീക്ക്<br>ബിൽ നം-78/15-16,15-02-2016<br>തുക--299839രൂപാ | | | | |
| 22 | തുമ്പിക്കുന്ന് അംഗനവാടി തിട്ടന്നൂർറോഡ് (18/16)<br>അടങ്കൽ തുക-350000<br>TS-540AEE/LSGD /ANL/15-16/- 26-08-2015<br>Agmt--46/AE/LSGD/EDL,dt 31-08-2015<br>അളവു പുസ്തകം 205/15-16<br>കൺവീനർ-- ശ്രീ.അനിപ്പിള്ള<br>ബിൽ നം-122/15-16,30-03-2016<br>തുക--305839രൂപാ | 12.38 | 87977 | 83502 | 4475 |
| 23 | അശോകവിലാസംറോഡ് | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | (73/16)<br>അടങ്കൽ തുക-300000<br>TS-287/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--99/AE/LSGD/EDL,dt 17-09-2015<br>അളവു പുസ്തകം 175/15-16<br>കൺവീനർ-- ശ്രീമതി മണിയമ്മ<br>ബിൽ നം-98/15-16,25-03-2016<br>തുക--299839രൂപാ | | | | |
| 24 | അറയ്ക്കൽ കാഷ്യൂ ഫാക്ടറിറോഡ് 102/16)<br>അടങ്കൽ തുക-300000<br>TS-315/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--70/AE/LSGD/EDL,dt 02-09-2015<br>അളവു പുസ്തകം 184/15-16<br>കൺവീനർ-- ശ്രീഅനിൽ കുമാർ<br>ചെക്ക്നം- 480496,25701-2016<br>തുക--299839രൂപാ | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 25 | വാളകം കാവിലഴികംറോഡ് (103/16)<br>അടങ്കൽ തുക-475000<br>TS-285/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--19/AE/LSGD/EDL,dt 28-11-2015<br>അളവു പുസ്തകം 197/15-16<br>കൺവീനർ-- ശ്രീപൊടിയൻ<br>ബിൽ നം-48/15-16,31-12-2016<br>തുക--474451രൂപാ | 24.83 | 176450 | 167476 | 8974 |
| 26 | ആലുവിള പൊടിയാട്ടുവിളറോഡ് (19/16)<br>അടങ്കൽ തുക-300000<br>TS-189/AEE/LSGD/ANL /15-16/- 01-07-2015<br>Agmt--81AE/LSGD/EDL,dt 10-09-2015<br>അളവു പുസ്തകം 189/15-16<br>കൺവീനർ-- ശ്രീരാജു<br>ബിൽ നം-53/15-16,25-03-2016<br>തുക--299839രൂപാ | 15.69 | 111499 | 105828 | 5671 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 27 | വയയ്ക്കൽ കിഴക്കേക്കര എലാ റോഡ് (63/16)<br><br>അടങ്കൽ തുക-200000<br><br>TS-109/AEE/LSGD/ANL /15-16/- 01-07-2015<br><br>Agmt--48AE/LSGD/EDL,dt 31-08-2015<br><br>അളവ് പുസ്തകം 155/15-16<br><br>കൺവീനർ-- ശ്രീരാജു<br><br>ബിൽ നം-35/15-16,13-01-2016<br><br>തുക-199959രൂപാ | 10.46 | 74332 | 70552 | 3780 |
| 28 | സ്രീകൃഷ്ണ ക്ഷേത്രം റേഷൻകട ഇട റോഡ് (308/16)<br><br>അടങ്കൽ തുക-300000<br><br>TS-189/AEE/LSGD/ANL /15-16/- 01-07-2015<br><br>Agmt--48AE/LSGD/EDL,dt 31-08-2015<br><br>അളവ് പുസ്തകം 25/15-16<br><br>കൺവീനർ-- ശ്രീരാജു<br><br>ബിൽ നം-53/15-16,31-10-2015 | 10.46 | 74332 | 70552 | 3780 |

| | | | | | |
|---|---|---|---|---|---|
| | തുക--200000രൂപാ | | | | |
| 29 | ഭുവനേശ്വരി ക്ഷേത്രം യുപി എസ്റോഡ് (50/16)<br>അടങ്കൽ തുക-200000<br>TS-50/AEE/LSGD/ANL /15-16/- 01-07-2015<br>Agmt--28AE/LSGD/EDL,dt 13-08-2015<br>അളവു പുസ്തകം 129/15-16<br>കൺവീനർ-- ശ്രീമുരളീധരൻ നായർ<br>ബിൽ നം-31/15-16,31-10-2015<br>തുക--199959രൂപാ | 10.46 | 74332 | 70552 | 3780 |
| 30 | പനച്ചിവിള പട്ടൻചിററോഡ് (190/16)<br>അടങ്കൽ തുക-200000<br>TS-302/AEE/LSGD/ANL /15-16/- 07-07-2015<br>Agmt--85AE/LSGD/EDL,dt 17-09-2015<br>അളവു പുസ്തകം 163/15-16<br>കൺവീനർ-- ശ്രീ.സുരേഷ് | 10.46 | 74332 | 70552 | 3780 |

| | | | | | |
|---|---|---|---|---|---|
| | ബാബു<br>ബിൽ<br>നം-36/15-16,31-12-2015<br>തുക--199959രൂപ | | | | |
| | | | | ആകെ | 160009 |

ടി വിഷയം സംബന്ധിച്ച് 11-11-2016 ൽ നല്കിയ (നമ്പർ-1) ഓഡിറ്റ് അന്വേഷണത്തിന് നല്കിയിട്ടുള്ള മറുപടിയിൽ ഡി എസ് ആർ 11.7 പ്രകാരമുള്ളത് pavement concreating ന് അനിവാര്യ ഇനമാണെന്നും, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23-05-2014ലെ 01/EE/LSGD /2014-15 സർക്കുലർ പ്രകാരമാണ് ഈ ഇനം ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുന്നു. ഈ മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ അധികം നല്കിയിട്ടുള്ള 160011/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയതിന് അംഗീകാരം നല്കിയിട്ടുള്ള അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## 3-3 പാലിയേറ്റിവ് കെയർ-മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റിവ് കെയർ എന്ന പ്രോജക്ടിനായി 16.02.16 ലെ ബിൽ നം. 05/15-16 പ്രകാരം പിൻവലിച്ച 1,00,000/- രൂപയും 29.03.16 ലെ ബിൽ നം. 08/15-16 പ്രകാരം പിൻവലിച്ച 72800/- രൂപയും ഉൾപ്പെടെ 1,72,800/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും നാളിതുവരെ 1,49,278/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം.തീയതി. | ലഭ്യമായ മരുന്നിന്റെ വില. |
|---|---:|
| 5388/28.03.16 | 2599 |
| 377/23.04.16 | 29,256 |
| 1487/14.06.16 | 22616 |
| 1692/29.06.16 | 6514 |

| | |
|---|---|
| 2028/16.07.16 | 15849 |
| 2115/22.07.16 | 872 |
| 9211/22.07.16 | 42672 |
| 2800/31.08.16 | 7797 |
| 3568/08.10.16 | 193 |
| 3818/18.10.16 | 20910 |
| ആകെ | 1,49,278 |

മരുന്നുകൾ ലഭ്യമാകത്തതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദവിവരങ്ങൾ തേടി 16.11.16 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകളുടെ വിലയിനത്തിൽ ഒടുക്കിയ തുകകളിൽ ശേഷിയ്ക്കുന്ന 23522/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 പാലിയേറ്റിവ് കെയർ പദ്ധതി - കുടുംബസംഗമത്തിനായി അനുവദനീയമായതിനേക്കാൾ അധികമായി 13,000/-രൂപ ചെലവഴിച്ചു.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റിവ് കെയർ എന്ന പ്രോജക്ടിനായി (നം.7/15-16) 17.03.16 ലെ ബിൽ നം.7/15-16 പ്രകാരം പിൻവലിച്ച 37,800/- രൂപയിൽ നിന്നും 25,000/-രൂപ രോഗീ കുടുംബസംഗമത്തിനായി ചെലവഴിച്ചിട്ടുണ്ട്.

രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾക്കായി വിളിച്ചു ചേർക്കുന്ന വാർഷിക സംഗമം ആർഭാട രഹിതമായിരിയ്ക്കണമെന്നും ഭക്ഷണച്ചെലവിലേയ്ക്ക് ഒരാൾക്ക് പരമാവധി 60/-രൂപ വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/-രൂപയും ചെലവഴിയ്ക്കാമെന്നും കൂടുതൽ തുക വേണ്ടിവരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും 29.10.15 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3217/15 /ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ 150 പേർക്കുള്ള ഭക്ഷണച്ചെലവടക്കം 25000/- രൂപ കുടുംബസംഗമത്തിനായി ചെലവഴിച്ചു. 150 പേർക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 12000/- രൂപയാണ്. രോഗീ കുടുംബസംഗമത്തിന്റെ ഹാജർ, മിനിട്സ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.13ന് മറുപടി നൽകിയിട്ടില്ല. പാലിയേറ്റിവ് കെയർ മാർഗരേഖപ്രകാരം രോഗീ കുടുംബസംഗമത്തിന് അനുവദനീയ മായതിനേക്കാൾ അധികമായി ചെലവഴിച്ച

13,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിരമരുന്നുകളും ധാതുലവണങ്ങളും സൗജന്യമായി വിതരണം ചെയ്തു ,ടെണ്ടർ കൂടാതെ മരുന്നുകൾ വാങ്ങി.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി (നം.126/16) 2 ലക്ഷം രൂപ വകയിരുത്തി 28.01.16ലെ ബിൽ നം.2 പ്രകാരം 2,00,000/-രൂപ പിൻവലിച്ച് (ഡി.ഡി.നം.457360/01.02.16) നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയ മരുന്നുകളിൽ 39,936/-രൂപയുടെ വിരമരുന്നുകളും ധാതുലവണങ്ങളും ഉൾപ്പെടുന്നു.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിരമരുന്ന്/ധാതുലവണം | എണ്ണം | വില. |
|---|---|---|---|
| 1 | Bendol.150mg | 3000 | 8400 |
| 2 | Bendol bolus 600 vet. | 816 | 5712 |
| 3 | Antiworm Tab | 600 | 9504 |
| 4 | Teaworm Syrup | 415*15ml | 6480 |
| 5 | Bendol Bolus 3gm | 200 | 7680 |
| 6 | Graviplex Syrup | 6*5ltr | 2160 |
| | ആകെ | | 39,936 |

ഇതര മരുന്നുകൾ വിതരണം ചെയ്തതു പോലെ വിരമരുന്നുകളും ധാതുലവണങ്ങളും സൗജന്യമായാണ് വിതരണം ചെയ്തിരിയ്ക്കുന്നത്. എന്നാൽ വിരമരുന്നുകൾക്കും ധാതുലവണങ്ങൾക്കും നൽകാവുന്ന സബ്സിഡി നിരക്കിന്റെ പരമാവധി 50% ആണെന്നും ഉരു ഒന്നിന് പ്രതിവർഷം പരമാവധി 750/- രൂപയാണെന്നും 16.11.13 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.362/13/തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ മരുന്ന് വാങ്ങി വിതരണം ചെയ്തതിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി നല്കിയിട്ടില്ല. ധാതുലവണങ്ങളും വിരമരുന്നുകളും വാങ്ങുന്നതിനായി ചെലവഴിച്ച തുകയിൽ അനുവദനീയമായ സബ്സിഡി തുക കഴിച്ചുള്ള 19968/- രൂപ (39,936ന്റെ50%) ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

ഒരു ലക്ഷവും അതിനുമുകളിലുള്ളതുമായ തുകകൾക്കുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കണമെന്ന് 21.06.13 ലെ ജി.ഒ(പി)3/13/എസ്.പി.ഡി.ഉത്തരവ് പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാനുവലിൽ വ്യക്തമാക്കിയിരിയ്ക്കെ ആയത് പരിഗണിയ്ക്കാതെ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിയ്ക്കാതെയാണ് നീതി മെഡിക്കൽ സ്റ്റോർ അഞ്ചാലുംമൂട്, പെരിനാട് എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ

വാങ്ങിയിട്ടുള്ളത്. ടെണ്ടർ/ക്വട്ടേഷൻ നടപടികൾ കൂടാതെനീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങിയതിനെ സാധൂകരിയ്ക്കുന്ന ഉത്തരവ് നിലവിലുണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ധാതുലവണങ്ങളും വിരമരുന്നുകളും വാങ്ങുന്നതിനായി ക്രമരഹിതമായി ചെലവഴിച്ച ഇനത്തിൽ നിരാകരിച്ച 19968/- രൂപ ഒഴികെയുള്ള 1,80,032/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-6 കിടാരി വളർത്തൽ -വനിത(എസ്.സി.പി.)-പദ്ധതി നിർവഹണത്തിൽ അപാകതകൾ-ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കിയില്ല.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യഗസ്ഥനായി 2.02.16 ലെ ബിൽനം.7/15-16 പ്രകാരം 1,42,500/-രൂപയും 31.03.16 ലെ ബിൽ നം.13/15-16പ്രകാരം 75,000/-രൂപയും 31.03.16 ലെ ബിൽ നം.14/15-16പ്രകാരം 2,70,000/-രൂപയും പിൻവലിച്ച് നടപ്പിലാക്കിയ കിടാരി വളർത്തൽ -വനിത (എസ്.സി.പി.) എന്ന പ്രോജക്ടിൽ (നം.146/16) വാങ്ങൽ നടപടിക്രമങ്ങൾ പാലിയ്ക്കുന്നതിലും മാർഗരേഖയിൽ നിർദ്ദേശിയ്ക്കുന്ന പ്രായത്തിലുള്ള കിടാരികളെ വാങ്ങുന്നതിലും ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിലും പിഴവുകൾ സംഭവിച്ചു.

പ്രത്യേകഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്നും 6,60,000/- രൂപയും ഗുണഭോക്തൃ വിഹിത്തിൽ 2,20,000/- രൂപയുമുൾപ്പെടെ 8,80,000/- രൂപ അടക്കവും 7500/- രൂപ യൂണിറ്റ് കോസ്റ്റും നിശ്ചയിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കിടാരികളെ വാങ്ങി നൽകുമ്പോൾ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന ഒരു കമ്മിറ്റിയായിരിയ്ക്കണം വാങ്ങൽ നടത്തേണ്ടതെന്നും കാടാരികൾ 18 മാസമെങ്കിലും പ്രായമുള്ളവയായിരിയ്ക്കണമെന്നും 16.11.13 ലെ ജി.ഒ(എം.എസ്.)നം.362/13/ത.സ്വ.ഭ.വ.ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ പർച്ചേസ് കമ്മിറ്റി രൂപീകരിയ്ക്കാതെ ഓരോ ഗുണഭോക്താവും നേരിട്ട് കിടാരിയെ വാങ്ങിയതായി കാണുന്നു. വാങ്ങിയ 65 കിടാരികളിൽ 42 എണ്ണവും 18 മാസത്തിൽ താഴെ മാത്രം പ്രായമുള്ളവയാണെന്ന് ഇൻഷ്വറൻസ് രേഖകളിൽ നിന്നും വ്യക്തമാവുന്നു.ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തുൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ.നം. | ഗുണഭോക്താക്കളുടെ പേര്. | ഡി.ഡി.നം./തീയതി | ബിൽ നം./തീയതി |
|---|---|---|---|
| 1 | ശ്രീമതി.ഉഷ.എൻ<br>പുളിമൂട്ടിൽ വീട്,ചാവറുകുന്ന് | 45811/29.02.16 | 7/15-16<br>27.02.16 |

| | | | |
|---|---|---|---|
| 2 | ശ്രീമതി.വിമല.<br>സുജാമന്ദിരം,അസുരമംഗലം. | 458015/29.02.16 | |
| 3 | ശ്രീമതി.സുജാത.<br>അംബേദ്ക്കർസദനം<br>പനച്ചിവിള | 458106/29.02.16 | |
| 4 | ശ്രീമതി.തങ്കമണി<br>കുരുവക്കുന്നിൽ,പൊടിയാട്ടുവിള | 459813/31.03.16 | 14/15-16<br>31.03.16 |
| 5 | ശ്രീമതി.ചന്ദ്രിക<br>സജീവ് ഭവൻ,മരുരപ്പ. | 459632/31.03.16 | |
| 6 | ശ്രീമതി.റീജ<br>അനുജ ഭവൻ,തൊള്ളൂർ | 459811/31.03.16 | |
| 7 | ശ്രീമതി.സുപ്രഭ<br>അരീരയ്ക്കൽ,പെരുമണ്ണൂർ | 459634/31.03.16 | |
| 8 | ശ്രീമതി.കെ.രമ<br>മനു ഭവൻ,പെരുമണ്ണൂർ | 459635/31.03.16 | |
| 9 | ശ്രീമതി.തങ്കമ്മ<br>തെക്കേവിള മേലതിൽ,<br>ഇടയം. | 459696/31.03.16 | |

മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.3ന് മറുപടി നൽകിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിയ്ക്കുന്നതിലും മാർഗരേഖയിൽ നിർദ്ദേശിയ്ക്കുന്ന പ്രായത്തിലുള്ള കിടാരികളെ വാങ്ങുന്നതിലും ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിലും പിഴവുകൾ സംഭവിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമായ രേഖകളില്ലാതെ നൽകിയിട്ടുള്ള ആനുകൂല്യ തുക 67,500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-7** <u>കിടാരി വളർത്തൽ -വനിത-മാർഗരേഖയിലെ നർദ്ദേശങ്ങൾ പാലിയ്ക്കാതെയുള്ള പദ്ധതി നിർവഹണം.</u>

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും 1,35,000/- രൂപയുൾപ്പെടെ 10,94,000/- രൂപ 27.02.16 ലെ ബിൽ നം 6/15-16 പ്രകാരം 75,000/- രൂപയും 30.03.16 ലെ ബിൽ നം.10/15-16 പ്രകാരം 60,000/- രൂപയും പിൻവലിച്ച് നടപ്പിലാക്കിയ കിടാരി വളർത്തൽ -വനിതഎന്ന പ്രോജക്റ്റിൽ (നം.238/16) വാങ്ങൽ നടപടിക്രമങ്ങൾ പാലിയ്ക്കുന്നതിലും മാർഗരേഖയിൽ നിർദ്ദേശിയ്ക്കുന്ന പ്രായത്തിലുള്ള കിടാരികളെ വാങ്ങുന്നതിലും പിഴവുകൾ സംഭവിച്ചു.

കിടാരികളെ വാങ്ങി നൽകുമ്പോൾ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന ഒരു കമ്മിറ്റിയായിരിയ്ക്കണം വാങ്ങൽ നടത്തേണ്ടതെന്നും കിടാരികൾ 18 മാസമെങ്കിലും പ്രായമുള്ളവയായിരിയ്ക്കണമെന്നും 16.11.13 ലെ ജി.ഒ(എം.എസ്.)നം.362/13/ത.സ്വ.ഭ.വ.ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ പർച്ചേസ് കമ്മിറ്റി രൂപികരിയ്ക്കാതെ ഓരോ ഗുണഭോക്താവും നേരിട്ട് കിടാരിയെ വാങ്ങിയതായി കാണുന്നു.വാങ്ങിയ 27കിടാരികളിൽ 22 എണ്ണവും 18 മാസത്തിൽ താഴെ മാത്രം പ്രായമുള്ളവയാണെന്ന് ഇൻഷ്വറൻസ് രേഖകളിൽ നിന്നും വ്യക്തമാവുന്നു.

മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന് മറുപടി നൽകിയിട്ടില്ല.വാങ്ങൽ നടപടിക്രമങ്ങൾ പാലിയ്ക്കുന്നതിലും മാർഗരേഖയിൽ നിർദ്ദേശിയ്ക്കുന്ന പ്രായത്തിലുള്ള കിടാരികളെ വാങ്ങുന്നതിലും പിഴവുകൾ സംഭവിച്ചിട്ടുണ്ട്. മേലിൽ ഇത്തരം പിഴവുകൾ സംഭവിക്കാതിരുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 മീഡിയാശ്രീ (84/16) ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവവിച്ചിട്ടുള്ള 65000/- രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്ന തിനുള്ളപ്രവർത്തനങ്ങളുടെ ആവശ്യത്തിലേയ്ക്കായി ബിൽനമ്പർ 2/15-16 തീ 18-01-2016 പ്രകാരം 65000/- രൂപ പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷന്റെ കോർഡിനേറ്റർക്ക് നല്കി. ടി സ്ഥാപനവുമായുള്ള കരാർപ്രകാരം തുക നല്കി 60 ദിവസത്തിനകം സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് സ്ഥാപനത്തിന് നല്കേണ്ടതാണ്.

ഇപ്രകാരം കൈമാറിയിട്ടുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5 തീ 15-11-2016) ഡോക്യുമെന്റേഷൻ നടന്നിട്ടുണ്ടെന്നും ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ലെന്നും ഉള്ള മറുപടിയാണ് നല്കിയിട്ടുള്ളത്. നാളിതുവരെ ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവവിച്ചിട്ടുള്ള 65000/- രൂപ

തടസ്സപ്പെടുത്തുന്നു. പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-9** <u>വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കസേരയും **(143/16)** രേഖകൾ ഹാജരാക്കാത്തതിനാൽ **240000/-** രൂപ തടസ്സപ്പെടുത്തുന്നു</u>

വികസന ഫണ്ട് (എസ് സി പി) യിൽ നിന്നും 240000/- രൂപ അടങ്കൽ തുക വകയിരുത്തിയിട്ടുള്ളതും, അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയും ആയ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ബിൽ നമ്പർ 17/15-16 തീയതി, 29-03-2016 പ്രകാരം 240000/- രൂപ പിൻവലിച്ച് സിഡ്കോയ്ക്ക് നല്കി. സ്ഡ്കോയിൽ നിന്നും 60 സ്റ്റീൽ മേശ, 60 കസേര എന്നിവ വാങ്ങിയതിനാണ് തുക നല്കിയിരിക്കുന്നത്. വാങ്ങിയ ഉപകരണങ്ങൾ യഥാസമയം വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സിഡ്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നല്കി കൊണ്ടുള്ള പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം സിഡ്കോയുടെ പ്രൊഫോർമാ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/15-11-2016) ആയത് ഹാജരാക്കിക്കൊള്ളാം എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ടി രേഖകളുടെ അഭാവത്തിൽ വാങ്ങലിന്റെ സുതാര്യത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവഴിച്ച 240000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. വാങ്ങിയ ഉപകരണങ്ങൾ യഥാക്രമം വിതരണം നടത്തിയിട്ടുണ്ട്.

## **3-10** <u>പുതിയ എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ **(215 /16)** സൂപ്പർവിഷൻ ചാർജ്ജായി പഞ്ചായത്ത് കെ എസ് ഇ ബി യിൽ ഒടുക്കുവരുത്തി യിട്ടുള്ള **24750/-** രൂപ തടസ്സപ്പെടുത്തുന്നു.</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പുതിയ എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (215 /16) എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ 16-07-2015 ലെ ഇൻവോയിസ് പ്രകാരം 20W 230V എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യിൽ അടയ്ക്കേണ്ട സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടെ ഒരെണ്ണത്തിന് 5150/- രൂപ പ്രകാരം അംഗീകരിച്ച് 29-09-2015 ൽ കെൽട്രോണുമായി കരാറിലേർപ്പെട്ടു.

എന്നാൽ സൂപ്പർ വിഷൻ ചാർജ്ജ് ഉൾപ്പെടെ കെൽട്രോണിന് നൽകാമെന്ന കരാറിലെ വ്യവസ്ഥകൾക്ക് പുറമെ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം തുകകൾ സൂപ്പർവിഷൻ ചാർജ്ജായി പഞ്ചായത്ത് കെ എസ് ഇ ബി യിൽ ഒടുക്കുവരുത്തി.

| ക്ര. നം | കെ എസ് ഇ ബി സെക്ഷൻ | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | അഞ്ചൽ | 42 | 300 | 12600 |
| 2 | വാളകം | 35 | 150 | 5250 |

| | | | | |
|---|---|---|---|---|
| 3 | ആയൂർ | 23 | 300 | 6900 |
| | | | ആകെ | 24750 |

കരാർ പ്രകാരം കെൽട്രോൺ ഒടുക്കവരുത്തേണ്ട സൂപ്പർവിഷൻ ചാർജ്ജ് പഞ്ചായത്ത് ഒടുക്കവരുത്തിയതിനും 150, 300 എന്നീ വ്യത്യസ്ത നിരക്കുകളിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കവരുത്തിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/16-11-2016) ന് കെൽട്രോണിന് പ്രസ്തുത പ്രോജക്റ്റുമായി ബന്ധപ്പെട്ട് തുക നല്കുവാനുണ്ടെന്നും, ആയത് കെ എസ് ഇ ബി യിൽ അടച്ചിട്ടുള്ള തുകയിൽ ക്രമീകരിക്കുന്നതാണെന്നും, കെ എസ് ഇ ബി യിലെ അതാത് അസി എഞ്ചിനീയർമാർ നല്കിയ കത്തിന്റെ അടിസ്ഥാനത്തിലാണ് തുകകൾ ഒടുക്കവരുത്തിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി.

സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ കെഎസ് ഇബിയിൽ ഒടുക്കവരുത്തിയിട്ടുള്ള 24750/- രൂപ തടസ്സപ്പെടുത്തുന്നു. കെൽട്രോണിന് നല്കുവാനുള്ള തുകയിൽ ടി തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ കെ എസ് ഇ ബി യിൽ അധികം തുക ഒടുക്കവരുത്തിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ഒഴുകുപാറയ്ക്കൽ എൽ പി എസ്- ഫ്ലോറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് നല്കിയിട്ടുള്ള 5819/- രൂപ നിരാകരിക്കുന്നു

ഒഴുകുപാറയ്ക്കൽ ജി എൽപി എസിലെ ,പ്രഥമാധ്യാപിക ശ്രീമതി ഗീതാകുമാരി ഗുണഭോക്തൃ സമിതി കൺവീനറായി 66/14—15/ AE/LSGD/EDL,03-03-2015 ആയി കരാറിൽ ഏർപ്പെട്ട പ്രവൃത്തിയാണ് ഒഴുകുപാറയ്ക്കൽ എൽ പി എസ് ഫ്ലോറിംഗ്. പ്രസ്തുത പ്രവൃത്തിയുടെ അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 60.91 ച.മീ സിറാമിക് ടൈൽസ് പാകിയതിന് ച.മീറ്ററിന് 714/- രൂപ പ്രകാരം 43490/- രൂപ നല്കിയിട്ടുണ്ട്.

വിശദവിവരം താഴെക്കൊടുക്കുന്നു.

അടങ്കൽ തുക -50000/- രൂപ

ബിൽ തുക(നികുതികൾ ഉൾപ്പെടെ)-46098/- രൂപ

ബിൽ നമ്പർ-1 /15-16/27-07-2015

ടി പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതിയുടെ ചെലവ് കണക്ക് താഴെക്കൊടുക്കുന്നു.

| ക്ര.നം | ഇനം | തുക |
|---|---|---|
| 1 | സിമന്റ്-അജി ട്രേഡേഴ്സ്, വയയ്ക്കൽ ബിൽ നമ്പർ 45 (തീയതി രേഖപ്പെടുത്തിയിട്ടില്ല) 3 ബാഗ് | 1200 |
| 2 | ടൈൽസ്(അജി ട്രേഡേഴ്സ്,വയയ്ക്കൽ ബിൽ നമ്പർ45 തീയതി | 36352 |

| | | |
|---|---|---|
| | രേഖപ്പെടുത്തിയിട്ടില്ല)568ച.അടി | |
| 3 | പണിക്കൂലി(മസ്റ്റർ റോൾ പ്രകാരം) | 5653 |
| | ആകെ | 43205 |

ഗുണഭോക്തൃ സമിതിയുടെ കണക്കുപ്രകാരം ടി പ്രവൃത്തിക്കായി ആകെ ഉപയോഗിച്ചിരിക്കുന്ന ടൈൽസിന്റെ അളവ് 568 ച.അടിയാണ്. അതായത് 568x0.0929=52.76 ച.മീ. ഇപ്രകാരം 52.76 ച.മീ സിറാമിക് ടൈൽസ് ഉപയോഗിച്ച് 60.91 ച.മീ പ്രതലത്തിൽ സിറാമിക് ടൈൽസ് പാകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ 52.76 ച മീ റ്ററിന്റെ ബിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും വിശദമായ അന്വേഷണത്തിൽ മറ്റൊരു ഫയലിൽ നിന്നും ബാക്കി 8.36 ച.മീ ബിൽ കണ്ടെടുത്ത് നല്കുന്നതായി രേഖപ്പെടുത്തി (അജി ട്രേഡേഴ്സ്, വയയ്ക്കൽ) എന്ന സ്ഥാപനത്തിന്റെ തന്നെ 13-06-15 തീയതി രേഖപ്പെടുത്തി 64 നമ്പരായുള്ള ബിൽ പരിശോധനയ്ക്ക് ഹാജരാക്കി. എന്നാൽ ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സിൽ ടൈൽസ് വാങ്ങിയതിന്റെ ചെലവ് മുകളിലെ പട്ടികയിൽ ക്രമ നമ്പർ 2 ആയി കൊടുത്തിരിക്കുന്ന 36352/- രൂപ മാത്രമാണ്. ഇതിൽ നിന്നും രണ്ടാമതായി ഹാജരാക്കിയിട്ടുള്ളത് ഓഡിറ്റ് അന്വേഷണം നല്കിയതിനു ശേഷം വ്യാജമായി തയ്യാറാക്കിയ ബില്ലാണെന്ന് വ്യക്തമാണ്.

52.76 ച.മീ സിറാമിക് ടൈൽസ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 60.91 ച.മീ പ്രതലത്തിൽ സിറാമിക് ടൈൽസ് പാകിയതിന് തുക നൽകിയിത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 8.15ച മീ പ്രതലത്തിൽ (60.91-52.76) ടൈൽസ് പാകിയതിന് നല്കിയ 5819/- രൂപ (8.15x714) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-12 ജവഹർലാൽ നെഹ്റു ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ജവഹർലാൽ നെഹ്റു ഭവന പദ്ധതി എന്ന പ്രോജക്ട് പ്രകാരം ഭവന നിർമാണം ആരംഭിച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റിയ 9 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെയും കൈപ്പറ്റിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ഡി.ഡി.നമ്പർ തീയതി |
|---|---|---|---|
| 1 | ശ്രീമതി ലളിത<br>ചരുവിള പുത്തൻവീട്. | 20,000 | 559804/14.01.16 |
| | | 60,000 | 457313/12.02.16 |

| | | | |
|---|---|---|---|
| | തേവർതോട്ടം. | 30,000 | 782190/30.03.16 |
| | | 30,000 | 782191/30.03.16 |
| | | 40,000 | 782222/21.04.16 |
| 2 | ശ്രീ.സജീദ്.<br>ശ്രീമതി.റസീന<br>ഇഞ്ചക്കുഴി ചരുവിള | 20,000 | 457311/01.02.16 |
| | | 60,000 | 457315/01.02.16 |
| | | 60,000 | 458703/14.03.16 |
| | | 40,000 | 459453/30.03.16 |
| 3 | ശ്രീമതി.രാധാമണി<br>ശ്രീനിലയം.<br>ആയൂർ | 20,000 | 457314/01.02.16 |
| | | 5316 | 458700/11.03.16 |
| | | 54684 | 458698/11.03.16 |
| | | 30,000 | 782194/29.03.16 |
| | | 30,000 | 782195/29.03.16 |
| | | 40,000 | 459457/30.03.16 |
| 4 | ശ്രീമതി.ലൈല<br>ലക്ഷം വീട്<br>പടിഞ്ഞാറ്റിൻകര | 20,000 | 457578/12.02.16 |
| | | 60,000 | 458712/14.03.16 |
| | | 1769 | 459461/30.03.16 |
| | | 58,231 | 782189/29.03.16 |
| | | 40,000 | 782422/27.09.16 |
| 5 | ശ്രീ.ശശിധരൻ പിള്ള<br>ശ്രീമതി.ജയശ്രീ<br>അശ്വതി ഭവൻ,കൈപ്പള്ളി. | 20,000 | 457579/12.02.16 |
| | | 60,000 | 458704/14.03.16 |
| 6 | ശ്രീ.പൊടിയൻ<br>ശ്രീമതി.രാധാമണി<br>സ്റ്റാൻലി ഭവൻ,ഒഴുകുപാറയ്ക്കൽ | 20,000 | 457588/12.02.16 |
| | | 60,000 | 457601/12.02.16 |
| | | 60,000 | 458701/11.03.16 |
| | | 40,000 | 461669/27.09.16 |

| | | | |
|---|---|---|---|
| 7 | ശ്രീമതി.ഇന്ദിര<br>മഞ്ജു വിലാസം.അറയ്ക്കൽ | 20,000 | 457580/12.02.16 |
| | | 60,000 | 458013/26.02.16 |
| | | 30,000 | 782197/29.03.16 |
| | | 30,000 | 782196/29.03.16 |
| | | 40,000 | 459458/30.03.16 |
| 8 | ശ്രീ.അഷറഫ്<br>ശ്രീമതി.നസീല<br>ഷെമി ഹൗസ്,തടിക്കാട്. | 20,000 | 457877/20.02.16 |
| | | 60,000 | 458009/26.02.16 |
| | | 60,000 | 459460/30.03.16 |
| | | 40,000 | 459454/30.03.16 |
| 9 | ശ്രീ.ഗോപിനാഥൻ<br>ശ്രീമതി.സുശീല<br>ആലക്കുന്നിൽ വീട്,ഇടമുളയ്ക്കൽ. | 20,000 | 458010/26.02.16 |
| | | 60,000 | 458011/26.02.16 |
| | | 30,000 | 782192/29.03.16 |
| | | 30,000 | 782193/29.03.16 |
| | | 40,000 | 459456/30.03.16 |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറി നം.2 ന്ന ക്രമ നം. 1,2,3,4,6,7,9 പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞുവെന്നും ക്രമ നം5 പ്രകാരമുള്ള ഗുണഭോക്താവ് ഭിത്തി മട്ടം കെട്ടിയിട്ടുണ്ടെന്നും ക്രമ നം.8 പ്രകാരമുള്ള ഗുണഭോക്താവ് മേൽക്കൂര കോൺക്രീറ്റ് നടത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 15,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭവന പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-13 നീർത്തട പദ്ധതികൾ-ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളോ അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകളുടെ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. കൃഷി ഓഫീസർ നിർവഹണം നടത്തിയ ആനാട് നീർത്തട പദ്ധതി പഞ്ചായത്ത് വിഹിതം വകയിരുത്തൽ എന്ന പദ്ധതിയ്ക്കായി (നം.234/15-16) തനതു ഫണ്ടിൽനിന്നും 3,30,314/-രൂപ വകയിരുത്തിയതായും പ്രസ്തുത തുക നിർവഹണോദ്യോഗസ്ഥന്റെ 15.03.16ലെ റിക്വിസിഷൻ നം.7നെ തുടർന്ന് 26.03.16 ലെ പെയ്മെന്റ് വൗച്ചർ നം.21501190 പ്രകാരം പിൻവലിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും കൃഷി ഓഫീസറുടെയും

പേരിലുള്ള സംയുക്ത അക്കൗണ്ടിൽ ഒടുക്കി. ആയതിൽ നിന്നും 2,91,724/-രൂപ പുല്ലംകോട് ഏലാതോട്ടിൽ നടപ്പാലവും മാമ്പൂട്ടിൽ ഏലാതോട്ടിൽ പാർശ്വഭിത്തി നിർമ്മാണവും എന്ന പ്രവൃത്തിയ്ക്കായി വിനിയോഗിച്ചതായും കാണുന്നു. എന്നാൽ പ്രസ്തുത നീർത്തടപദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടോ, സ്കീമുകൾ അംഗീകരിച്ചുകൊണ്ടും ഭരണാനുമതി നൽകിക്കൊണ്ടുമുള്ള ജില്ലാകളക്ടറുടെ നടപടിക്രമങ്ങളോ, നീർത്തട പദ്ധതിയ്ക്ക് വേണ്ടി ലഭ്യമായതും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലോ ഇതര അക്കൗണ്ടുകളിലോ ശേഷിയ്ക്കുന്നതോ ആയ തുകകളുണ്ടെങ്കിൽ അവയുടെ വവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച ആനപ്പുഴയ്ക്കൽ നീർത്തട പദ്ധതി എന്ന പ്രോജക്ടിനായി (നം.233/15-16) കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും 3,80,000/- രൂപ വകയിരുത്തി യിരുന്നുവെങ്കിലും തുക ചെലവഴിച്ചിട്ടില്ലായെന്ന് നിർവഹണോദ്യോഗസ്ഥന്റെ ചെലവ് പത്രികയിൽ നിന്നും വ്യക്തമാവുന്നു. എന്നാൽ പ്രസ്തുത നീർത്തട പദ്ധതിയ്ക്ക് വേണ്ടി ലഭ്യമായതും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലോ ഇതര അക്കൗണ്ടുകളിലോ ശേഷിയ്ക്കുന്നതോ ആയ തുകകളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചന പദ്ധതികൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ നീർത്തടപദ്ധതികളുടെ നിർവഹണം പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും, സ്കീമുകൾ അംഗീകരിച്ചുകൊണ്ടും ഭരണാനുമതി നൽകിക്കൊണ്ടുമുള്ള ജില്ലാകളക്ടറുടെ നടപടിക്രമങ്ങളും, ധനവിനിയോഗ വിവരങ്ങളും ഓഡിറ്റിന് വിധേയമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-14 സംയുക്ത പ്രോജക്ടിനായി ലഭ്യമായ 20ലക്ഷം ചെലവഴിയ്ക്കപ്പെടാതെ ശേഷിയ്ക്കുന്നു.

സംയുക്ത പ്രോജക്ടിനായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായ 5 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭ്യമായ 15 ലക്ഷം രൂപയും ചെലവഴിയ്ക്കപ്പെടാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ ബാദ്ധ്യതയായി ശേഷിയ്ക്കുന്നു. കൂടാതെ ഗുണഭോക്തൃവിഹിതമിനത്തിൽ ലഭ്യമായ 20,000/- രൂപയും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ ശേഷിയ്ക്കുന്നുണ്ട്. പ്രസ്തുത തുകകൾ ഏത് പദ്ധതികൾക്ക് വേണ്ടിയാണ് ലഭ്യമായതെന്ന് കണ്ടെത്തി തദനുസൃതമായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം നയമാനുസൃത തുടർനടപടികൾ സ്വീകരിയ്ക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെക്കൊടുത്തിരിക്കും പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നല്കിയിട്ടുണ്ട്

| നിർവ്വഹണ ഓജൻസി | പ്രവൃത്തിയുടെ പേര് | ഡി ഡി നമ്പർ | മുൻകൂര നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | അറയ്ക്കൽ കുന്നംപുറം കുടിവെള്ള പദ്ധതി | 280143 തീ 29-09-2015 | 174118 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | |
| | | ആകെ | 174118 | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 113849800 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70717184 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 9068 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 242288 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2703004 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2680 | | ജിജിമോൾ അലക്സ്,സെക്രട്ടറി |
| 2-2 | 6388 | | ജിജിമോൾ അലക്സ്,സെക്രട്ടറി |
| 2-8 | 450 | | ജിജിമോൾ അലക്സ്,സെക്രട്ടറി |
| 3-1 | | 43250 | ശ്രീമതി എം ലത,അസി. സെക്രട്ടറി |
| 3-2 | | 160009 | 80005-ശ്രീമതി. രശ്മി,അസി.എഞ്ചിനീയർ 80004-ശ്രീമതി. മഞ്ജു കെ എസ്,അസി എക്സി. എഞ്ചിനീയർ,അഞ്ചൽ ബ്ലോക്ക് പ ഞ്ചായത്ത് |
| 3-5 | | 19668 | ഡോ.അനന്ദ കൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-11 | | 5819 | ശ്രീമതി.രശ്മി,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50722 | ഡോ.അജിത കുമാരി,എം ഒ,പിഎച്ച് സി |
| 3-4 | 13000 | ഡോ.അജിത കുമാരി,എം ഒ,പിഎച്ച് സി |
| 3-5 | 180032 | ഡോ.അനന്ദ കൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-6 | 487500 | ഡോ.അനന്ദ കൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-7 | 135000 | ഡോ.അനന്ദ കൃഷ്ണൻ, വെറ്ററിനറി സർജൻ |
| 3-8 | 65000 | ശ്രീമതി എം ലത,അസി. സെക്രട്ടറി |
| 3-9 | 240000 | ശ്രീമതി എം ലത,അസി. സെക്രട്ടറി |
| 3-10 | 24750 | ജിജിമോൾ അലക്സ്,സെക്രട്ടറി |
| 3-12 | 1520000 | ശ്രീ. എം എസ് ഹരിലാൽ, വി ഇ ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിജിമോൾ അലക്സ്, സെക്രട്ടറി | സെക്രട്ടറി,നെടുവത്തൂർ ഗ്രാമ പഞ്ചായത്ത് | ആനന്ദ ഭവനം, കുമ്പളം പി ഒ |
| ശ്രീമതി എം ലത, അസി. സെക്രട്ടറി | അസി. സെക്രട്ടറി | കുഞ്ഞാറ്റവീട്, ഏറം , ചാത്തന്നൂർ പി ഒ |
| ശ്രീമതി.രശ്മി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കരകുളം ഗ്രാമ പഞ്ചായത്ത് | വൈശാഖ്, കോങ്ങൽ, പരവൂർ |
| ശ്രീമതി. കെ എസ് | അസി.എക്സി.എഞ്ചിനീയർ, | ധ്വനി,പത്മനാഭ |

| | | |
|---|---|---|
| മഞ്ജു, അസി. എക്സി. എഞ്ചിനീയർ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | നഗർ, വഴയില, കരകുളം |
| ഡോ.അജിത കുമാരി, എം ഒ, പിഎച്ച് സി | എം ഒ,പിഎച്ച് സി | പ്രകാശ് ഭവൻ, പൂവറ്റൂർ, കുളക്കട |
| ഡോ.അനന്ദ കൃഷ്ണൻ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, നെറ്ററനറി ഹോസ്പിറ്റൽ, ചാത്തന്നൂർ | പൗർണ്ണമി, ചെമ്മക്കാട് പി ഒ. പനയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89 | എൽ.എഫ്.ക്യൂ.പി4/1360/ 14(2) തീയതി 23.06.14 | |
| 1989-90<br>1990-91 | എൽ.എഫ്.ക്യൂ.പി4/1360/ 14(3) തീയതി 23.06.14 | |
| 1991-92 | എൽ.എഫ്.ക്യൂ.പി4/1360/ 14(4) തീയതി 23.06.14 | |

| | | |
|---|---|---|
| 1992-93<br>1993-94 | എൽ.എഫ്.ക്യൂ.പി4/1360/ 14(5)<br>തീയതി 23.06.14 | |
| 1994-95<br>1995-96 | എൽ.എഫ്.ക്യൂ.പി4/1360/ 14(6)<br>തീയതി 23.06.14 | |
| 1996-97 | എൽ.എഫ്.ക്യൂ.പി4/1360/ 14(7)<br>തീയതി 23.06.14 | |
| 1997-98 | എൽ.എഫ്.ക്യൂ.പി4/1360/ 14(8)<br>തീയതി 23.06.14 | |
| 1998-99 | എൽ.എഫ്.ക്യൂ.പി4/1360/ 14(9)<br>തീയതി 23.06.14 | |
| 1999-00 | എൽ.എഫ്.ക്യൂ.പി4/1360/ 14(10)<br>തീയതി 23.06.14 | |
| 2000-01 | എൽ.എഫ്.ക്യൂ.പി4/1360/14(11) തീയതി<br>23.06.14 | |
| 2001-02 | എൽ.എഫ്.ക്യൂ.പി4/1360/ 14(12)<br>തീയതി 23.06.14 | |
| 2002-03 | എൽ.എഫ്.ക്യൂ.പി4/1360/14(13)<br>തീയതി 23.06.14 | |
| 2003-04 | എൽ.എഫ്.ക്യൂ.പി4/1360/ 14(14)<br>തീയതി 23.06.14 | |
| 2004-05 | എൽ.എഫ്.ക്യൂ.പി4/1360/14(15)<br>തീയതി 23.06.14 | |
| 2005-06 | എൽ.എഫ്.ക്യൂ.പി4/1360/14(15)<br>തീയതി 23.06.14 | |
| 2006-07 | എൽ.എഫ്.ക്യൂ.പി4/1360/ 14(17)<br>തീയതി 23.06.14 | |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ക്യൂ.പി4/1392/ 14(1) തീയതി 24.06.14 | |
| 2008-09 | എൽ.എഫ്.ക്യൂ.പി4/1406/13 തീയതി 03.09.13 | |
| 2009-10 | എൽ.എഫ്.ക്യൂ.പി.4/782/2013 തീയതി 30.04.14 | |
| 2010-11 | എൽ.എഫ്.ക്യൂ.പി.4/783/2012 തീയതി 28.01.13 | |
| 2011-12& 2012-13 | എൽ.എഫ്.ക്യൂ.പി.4/393/14 തീയതി 15-05-14 | |
| 2013-14& 2014-15 | കെ എസ് എ -കെഎൽ എം/ പി4/ 2211/ 15 തീ 19-12-15 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

## 4-10

ഓഡിറ്റ് സാക്ഷ്യ പത്രം

നം. കെ.എസ്.എ.-കെ.എൽ.എം. പി4-1843/16 തീയതി, 5/01/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003 /ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം